എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രസ്തുത റോഡുകളിൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 26 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി

220 (4852) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്നത് തടയാൻ എഗ്രിമെന്റ് പ്രകാരമുള്ള സമയത്തിന്റെ പകുതി സമയം മാത്രമേ പരമാവധി നീട്ടിക്കൊടുക്കാവൂ എന്നും PWD Mannual-ൽ പറഞ്ഞിട്ടുണ്ട്. കൂടാതെ കാലതാമസം വരുത്തുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനും മാന്വലിൽ വ്യവസ്ഥയുണ്ട്.

(ബി) പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജി.ഒ (എംഎസ്.) നമ്പർ 59/2013/PWD തീയതി 17-7-2013 പ്രകാരം കോൺട്രാക്ട് രജിസ്ട്രേഷൻ നിയമം പരിഷ്കരിച്ചിട്ടുണ്ട്.

(സി&ഡി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly